**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ പെരുമണ്ണ-ക്ലാരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. വി. രവീന്ദ്രന് എതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2/2026/LSGD തീയതി,തിരുവനന്തപുരം, 01-01-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26/04/2023 ലെ E15-(SC-78/22/MPM)14786/2022/DVACB നമ്പർ കത്ത്.
2. സർക്കാരിന്റെ 05/11/2023 ലെ ഇപിബി3/190/2023/തസ്വഭവ നമ്പർ കത്ത്.
3. 09/11/2023 ലെ ഇപിബി3/190/2023/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
4. ശ്രീ. കെ.വി. രവീന്ദ്രൻ 30/11/2023 ൽ സമർപ്പിച്ച മറുപടി.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08/10/2024 ലെ LSGD/PD/65290/2023-VIGD2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ പെരുമണ്ണ - ക്ലാരി ഗ്രാമപഞ്ചായത്തിലെ 4-ാം വാർഡിലെ തുരുത്തി റോഡിൽ നിന്നും പാടം വരെ പോകുന്ന പാലച്ചിറക്കൽ കുഞ്ഞിമൊയ്തീൻ കുട്ടി സ്മാരക റോഡ് സ്വകാര്യ വ്യക്തി കയ്യേറിയതായി പഞ്ചായത്തിന് പരാതി നൽകിയിട്ടും നടപടി സ്വീകരിക്കുന്നില്ല എന്ന ആരോപണം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി സൂചന (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. മേൽ പരാമർശ റോഡ് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്തിട്ടുള്ളതാണെന്നും, ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ഭൂമിയിൽ ഒരു വ്യക്തിയുടെ സൗകര്യത്തിനായി സർക്കാർ ഫണ്ട് ഉപയോഗിച്ച് റോഡ് കോൺക്രീറ്റ് ചെയ്തതിലൂടെ സർക്കാർ ഫണ്ടായ ഒരു ലക്ഷം രൂപ ദുരുപയോഗം ചെയ്തതായി കാണുന്നുവെന്നും ആയതിന് ഉത്തരവാദിയായ 31.05.2013 ൽ സർവ്വീസിൽ നിന്നും വിരമിച്ച, പെരുമണ്ണ -ക്ലാരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. രവീന്ദ്രനെതിരെ KSR Part lll Rule 59(C) പ്രകാരം വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനും, സർക്കാർ ഫണ്ടായ 1 ലക്ഷം രൂപ തിരിച്ച് പിടിക്കുന്നതിനും കൂടാതെ, ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ വ്യക്തമായ മാർഗനിർദേശങ്ങൾ പുറത്തിറക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതിനും വിജിലൻസ്

& ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പ്രസ്തുത റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു.

2. വിജിലൻസ് ഡയറക്ടറുടെ മേൽ ശുപാർശ പരിഗണിച്ച് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ഭൂമിയിൽ ഒരു വ്യക്തിയുടെ സൗകര്യത്തിനായി സർക്കാർ ഫണ്ട് ഉപയോഗിച്ച് റോഡ് കോൺക്രീറ്റ് ചെയ്തതിലൂടെ സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്തതിന് ഉത്തരവാദിയായ 31.05.2013 ൽ സർവ്വീസിൽ നിന്നും വിരമിച്ച, പെരുമണ്ണ - ക്ലാരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.വി. രവീന്ദ്രനിൽ നിന്നും പ്രതിമാസം 500/- രൂപ ആജീവനാന്തം പെൻഷനിൽ കുറവു വരുത്താൻ താത്കാലികമായി തീരുമാനിച്ച് **KSR Part lll Rule 59(C)** പ്രകാരം പരാമർശം (3) കാരണം കാണിക്കൽ നോട്ടീസ് നൽകുകയും സർക്കാർ ഫണ്ടായ 1 ലക്ഷം രൂപ തിരിച്ച് പിടിക്കുന്നതിനും മേൽ പ്രകാരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ വ്യക്തമായ മാർഗനിർദേശങ്ങൾ പുറത്തിറക്കാൻ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുമുണ്ടായി.

3. കാരണം കാണിക്കൽ നോട്ടീസിന് പരാമർശം (4) പ്രകാരം ശ്രീ. കെ.വി. രവീന്ദ്രൻ സമർപ്പിച്ച മറുപടിയിൽ, പെരുമണ്ണ-ക്ലാരി ഗ്രാമ പഞ്ചായത്തിൽ 30/04/2010 ൽ സെക്രട്ടറിയായി ജോലിയിൽ പ്രവേശിച്ച അന്നേദിവസം തന്നെ സെക്രട്ടറിയുടെ അധിക ചുമതലയുണ്ടായിരുന്ന ജൂനിയർ സൂപ്രണ്ട് റിലീവ് ചെയ്യുകയും ആകെയുള്ള മൂന്ന് യു.ഡി. ക്ലാർക്കുമാരിൽ രണ്ടുപേർ സ്ഥലം മാറി പോവുകയും പകരം വന്ന പുതിയ ജീവനക്കാർ ഉൾപ്പടെ എല്ലാവർക്കും ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് പരിചയക്കുറവ് ഉണ്ടായിരുന്നു എന്നും, വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങേണ്ട സമയം കഴിയുകയും ഇതോടൊപ്പം 2010 ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടപടികൾ ആരംഭിച്ചതും, വോട്ടർ പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കലുമായി ബന്ധപ്പെട്ട ജോലികളും സമയബന്ധിതമായി തീർക്കേണ്ടതായി ഉണ്ടായിരുന്നുവെന്നും, വളരെയധികം തിരക്കുപിടിച്ച സമയത്ത് നോട്ടപിശകുമൂലമാണ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത റോഡിന് ഫണ്ട് അനുവദിച്ച് പ്രവൃത്തി നടത്തിയതെന്നും പ്രസ്തുത റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് ഭരണസമിതിക്ക് നടപടി എടുക്കാവുന്നതാണ് എന്നും, 32 വർഷത്തെ സർവ്വീസിൽ മറ്റ് അച്ചടക്കനടപടികളോ, ശിക്ഷാ നടപടികളോ ഉണ്ടായിട്ടില്ല എന്നും ഭാരിച്ച ഔദ്യോഗിക കൃത്യനിർവഹണത്തിൽ പറ്റിയ നോട്ടപ്പിശകായി ഇതിനെ കാണണമെന്നും, സേവനത്തിൽ നിന്ന് വിരമിച്ച് 10 വർഷം കഴിഞ്ഞുവെന്നും ആഞ്ചിയോപ്ലാസ്റ്റി ചെയ്തത് മൂലം പ്രതിമാസം നല്ലൊരു തുക മരുന്നിനും വിവിധ പരിശോധനകൾക്കായും ചെലവ് വരുന്നുവെന്നും, ഭാര്യ രോഗബാധിതയും ദീർഘകാലമായി ചികിത്സയിലാണെന്നും ആയതിനാൽ നോട്ടപിശകുമൂലം സംഭവിച്ച തെറ്റ് മാപ്പാക്കി പെൻഷനിൽ നിന്ന് 500 രൂപ ആജീവനാന്തം കുറവ് വരുത്താൻ തീരുമാനിച്ച നടപടി ഒഴിവാക്കി നൽകണമെന്നും അപേക്ഷിക്കുകയുണ്ടായി.

4. ശ്രീ. രവീന്ദ്രൻ സമർപ്പിച്ച മറുപടിയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം ചുവടെ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തി അഭിപ്രായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

*ഗ്രാമപഞ്ചായത്തിലെ ആസ്തിയിൽ ഉൾപെടാത്ത റോഡിന്റെ കോൺക്രീറ്റിന് തുക വകയിരുത്തിയതും റോഡിന് ഔദ്യോഗിക നാമം ഉണ്ടായതും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ മാത്രം ഒതുങ്ങിയ വീഴ്ചയായി കാണാൻ കഴിയില്ല. വാർഷിക പദ്ധതി നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭ, സ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ അംഗീകാരം ലഭിച്ചതിനുശേഷമാണ് ജില്ലാ ആസൂത്രണ സമിതിക്ക് അംഗീകാരത്തിന് സമർപ്പിക്കുന്നത്. അതേ സമയം പദ്ധതി അംഗീകരിക്കുന്നതിന് മുൻപായി ആയത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്ത് റോഡാണോയെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതായിരുന്നു. ആയതിൽ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ജാഗ്രതക്കുറവ് സംഭവിച്ചതായി കാണുന്നു.*

*ശ്രീ. കെ.വി. രവീന്ദ്രൻ സർവീസിൽ നിന്ന് വിരമിച്ചിട്ട് 10 വർഷം കഴിഞ്ഞതും ടിയാനും കുടുംബവും രോഗം കൊണ്ടും മറ്റും പ്രയാസത്തിൽ ആണെന്ന വസ്തുത പരിഗണിച്ചും, കോൺക്രീറ്റ് ചെയ്ത 41 മീറ്റർ ഭാഗം 13 വർഷമായി ജനങ്ങൾ റോഡായി ഉപയോഗിച്ചു വരുന്നതിൽ യാതൊരു തടസ്സവുമില്ല എന്നതും, ആയത് പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തുന്ന നടപടികൾ ഗ്രാമപഞ്ചായത്ത് ആരംഭിച്ചത് പരിഗണിച്ചും ജോലി ഭാരത്തിനിടയ്ക്ക് ഉണ്ടായ വീഴ്ച ജാഗ്രതക്കുറവായി പരിഗണിച്ച് ടിയാന്റെ മറുപടി അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ്.*

5. തദ്ദശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിച്ചു. പരാതിക്കാധാരമായ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതി അംഗീകരിക്കുന്നതിന് മുൻപായി ആയത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്ത് റോഡാണോയെന്ന് ഉറപ്പുവരുത്തുന്നതിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്ന നിലയിൽ ശ്രീ. കെ.വി. രവീന്ദ്രന്റെ ഭാഗത്തു നിന്നും ജാഗ്രതക്കുറവ് സംഭവിച്ചിട്ടുണ്ടെങ്കിലും ആയത് ജോലിഭാരത്താലുണ്ടായ പിഴവായി കണ്ടും, 13 വർഷമായി പൊതുജനം റോഡായി ഉപയോഗിച്ചു വരുന്ന പരാമർശ റോഡ് പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തുന്ന നടപടികൾ ഗ്രാമപഞ്ചായത്ത് ആരംഭിച്ചത് പരിഗണിച്ചും, കുറ്റാരോപിതൻ വിരമിച്ചിട്ട് 10 വർഷം കഴിഞ്ഞതും ടിയാനും കുടുംബവും രോഗം കൊണ്ടു് ബുദ്ധിമുട്ടുന്ന സാഹചര്യവും പരിഗണിച്ചും, പെരുമണ്ണ-ക്ലാരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. രവീന്ദ്രനെതിരെ വിജിലൻസ് ശുപാർശ പ്രകാരം KSR Part lll Rule 59(C) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ, ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ ആജീവനാന്തം കുറവു വരുത്തുവാനെടുത്ത കാരണം കാണിക്കൽ

നോട്ടീസിലെ താൽക്കാലിക തീരുമാനം ഉപേക്ഷിച്ച് ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ. കെ.വി. രവീന്ദ്രൻ, മുൻ സെക്രട്ടറി, പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത്, മലപ്പുറം. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
5. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
6. വിജിലൻസ് (ഡി) വകുപ്പ് *(22/10/2025 തീയതിയിലെ VIG-D1/374/2025-VIG നമ്പർ കുറിപ്പ് പ്രകാരം).*
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി. *(ഫയൽ നം. ഇപിബി3/190/2023/തസ്വഭവ.)*

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 01-01-2026 12:17:54
സെക്ഷൻ ഓഫീസർ